## കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ഒന്നാം സ്റ്റാൻഡേർഡ് മുതൽ പ്ലസ് ടു തലം വരെയുള്ള ഐ.ഇ.ഡി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ്പ് ഉപയോഗിച്ച് പൊതുപരീക്ഷ എഴുതുന്നതിനുള്ള അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്**

സ.ഉ (എം.എസ്) 243/09/പൊ.വി. തീയതി, തിരുവനന്തപുരം, 10.12.2009

പരാമർശം

1. ഡോ.വി.എസ്.വിജയേന്ദ്രഭാസ്, കല്ലംപള്ളി, തിരുവനന്തപുരം 10.08.2009-ൽ സമർപ്പിച്ച അപേക്ഷ
2. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി ഡയറക്ടറുടെ 15.09.2009-ലെ നം.പ്രോഗ്-II/2641/2009/എസ്.സി.ഇ.ആർ.ടി പ്രകാരമുള്ള കത്ത്.
3. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 23.10.2009-ലെ നം.ഇ. എക്സ് - II/3/10395/എച്ച്.എസ്.ഇ/2009 കത്ത്.

## ഉത്തരവ്

പരാമർശം (1)-ലെ അപേക്ഷ പ്രകാരം ഡോ.വി.എസ്.വിജയേന്ദ്രഭാസ് തന്റെ മകനായ മാസ്റ്റർ അമിത്.വി.ഭാസ് തിരുവനന്തപുരം പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലെ പ്ലസ് വൺ കോമേഴ്സ് - കമ്പ്യൂട്ടർ ഗ്രൂപ്പിലെ ഐ.ഇ.ഡി വിദ്യാർത്ഥിയാണെന്നും, സെറിബ്രൽ പാൾസി അസുഖമായതിനാൽ സംസാരിക്കുവാനും എഴുതുവാനും ബുദ്ധിമുട്ടാണെന്നും പരീക്ഷയ്ക്കായി സ്ക്രൈബിന്റെ സേവനം പ്രയോജനപ്പെടുത്തുവാനും സാധിക്കുന്നില്ലെന്നും, ആയതിനാൽ ആശയങ്ങൾ ശരിയായ രീതിയിൽ പ്രകടിപ്പിക്കുന്നതിനായി കമ്പ്യൂട്ടർ ഉപയോഗിച്ച് മറ്റ് ഐ.ഇ.ഡി ആനുകൂല്യങ്ങളോടൊപ്പം പരീക്ഷ എഴുതുന്നതിന് അനുവാദം നൽകണമെന്ന് ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകളോടൊപ്പം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഈ അപേക്ഷ വിശദമായി പരിശോധിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ ഒന്നാം സ്റ്റാൻഡേർഡ് മുതൽ വൊക്കേഷണൽ ഹയർ സെക്കന്ററി ഉൾപ്പെടെ പ്ലസ് ടു ഹയർ സെക്കന്ററി തലം വരെയുള്ള ഐ.ഇ.ഡി വിഭാഗത്തിൽപ്പെടുന്ന

വിദ്യാർത്ഥികൾക്ക് 2009-10 അദ്ധ്യയനവർഷം മുതൽ കമ്പ്യൂട്ടർ/ലാപ്ടോപ്പ് ഉപയോഗിച്ച് പൊതുപരീക്ഷ എഴുതുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അനുവാദം നൽകുന്നു.

(1) കാഴ്ച/കേൾവി ശക്തി ഇല്ലാത്തവർ, കാഴ്ചശക്തി കുറഞ്ഞവർ, ബുദ്ധിമാന്ദ്യമുള്ളവർ, എഴുതുവാൻ പ്രയാസമുള്ളവർ (ഡിസ്ഗ്രാഫിയ), സെറിബ്രൽ പാൾസി, ഓട്ടിസം മുതാലായ പ്രശ്നങ്ങളുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്കായി കമ്പ്യൂട്ടർ/ലാപ്ടോപ്പ് ഉപയോഗിക്കാവുന്നതാണ്.

(2) പ്രസ്തുത സ്കൂളുകൾ/സ്ഥാപനങ്ങൾ തന്നെ കമ്പ്യൂട്ടർ പരീക്ഷയക്കായി ക്രമീകരിക്കേണ്ടതും കെട്ടിടത്തിന്റെ താഴത്തെ നിലയിൽത്തന്നെ ഇതിനായി സൗകര്യം ചെയ്യേണ്ടതുമാണ്.

(3) ബന്ധപ്പെട്ട ഡയറക്ടർമാരുടെ അനുവാദത്തോടെ ഐ.ഇ.ഡി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ സൗകര്യം ഉപയോഗിക്കാം. അപേക്ഷയോടൊപ്പം മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. ലേണിംഗ് ഡിസ്എബിലിറ്റി ഉള്ള വിദ്യാർത്ഥികൾക്ക് സർക്കാർ സൈക്യാട്രിസ്റ്റ് ഡോക്ടറുടെ സർട്ടിഫിക്കറ്റ് മതിയാകും.

(4) ഇത്തരം വിദ്യാർത്ഥികൾക്ക് പരീക്ഷാസമയം ദീർഘിപ്പിച്ചുകൊടുക്കുന്ന രീതി തുടരുന്നതും, കമ്പ്യൂട്ടർ സൗകര്യം ആവശ്യമില്ലാത്ത കുട്ടികൾക്ക് പഴയരീതിയിലുള്ള സൗജന്യങ്ങൾ അനുവദിക്കുന്നതുമായിരിക്കും.

(5) കാഴ്ചശക്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് റെകഗ്നിഷൻ സൗകര്യം ഉപയേഗാിക്കുവാൻ അനുവദിക്കുന്നതും, ഇതിനായുള്ള സോഫ്റ്റ്‌വെയർ ബന്ധപ്പെട്ട സ്കൂളുകൾ/സ്ഥാപനങ്ങൾ ക്രമീകരിച്ചിരിക്കേണ്ടതുമാണ്.

(6) കമ്പ്യൂട്ടറിൽ/ ലാപ്ടോപ്പുകളിൽ വിദ്യാർത്ഥികൾക്ക് ഉത്തരങ്ങൾ കണ്ടെത്താൻ സഹായകരമാകുന്ന വിവരങ്ങൾ ഇല്ലെന്ന് ഇൻവിജിലേറ്റർ പരീക്ഷ തുടങ്ങുന്നതിനു മുമ്പ് ഉറപ്പാക്കേണ്ടതും, പരീക്ഷയക്കു ശേഷം ചീഫ് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ പരീക്ഷാഹാളിൽ വച്ചുതന്നെ പ്രിന്റെടുത്ത് ഇൻവിജിലേറ്ററുടെയും ചീഫ് സൂപ്രണ്ടിന്റെയും ഒപ്പോടുകൂടി ബന്ധപ്പെട്ട മൂല്യനിർണ്ണയ ക്യാമ്പിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്.

(7) ലാപ്ടോപ്പ്/ കമ്പ്യൂട്ടർ ഉപയോഗിച്ച് പരീക്ഷ നടത്തുമ്പോൾ സാങ്കേതിക കൃത്രിമം തടയുന്നതിനുള്ള എല്ല വിധ മുൻകരുതലുകളും സ്വീകരിക്കേണ്ടതുമാണ്.

3. 2009-2010 അദ്ധ്യയനവർഷം മുതൽ ഈ ഉത്തരവിന് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ജെയിംസ് വർഗ്ഗീസ്**
**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
(ആവശ്യമായ പ്രചാരണത്തിനായി)
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം), തിരുവനന്തപുരം / എറണാകുളം/ കോഴിക്കോട്
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ഡോ.വിജയേന്ദ്രഭാസ്, റ്റി.സി- 9/43(1) ശാർങ്ങി വില്ല, കല്ലംപള്ളി, മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
വിദ്യാഭ്യാസ സാംസ്കാരിക കാര്യ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ*